# Desabhimani

# 28 August 2018

# Aluva; Free Repair ,Vehicle C.P.I.M , After Flood

## ചളികയറിയ വാഹനങ്ങൾ നന്നാക്കി

**ആലുവ**

പ്രളയത്തിൽ ചളികയറി തകരാറിലായ ഇരുചക്രവാഹനങ്ങൾ നന്നാക്കാൻ സൗജന്യ സർവീസ് ക്യാമ്പ് നടത്തി. സിപിഐ എം, കേരള വ്യാപാരി വ്യവസായ സമിതി, ഡിവൈഎഫ്ഐ എന്നിവ ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ടു വീലർ വർക്ക്ഷോപ്പ് യൂണിറ്റ് കൊച്ചി അസോസിയേഷനാണ് വാഹനങ്ങൾ നന്നാക്കിനൽകുന്നത്. സിപിഐ എം ഏരിയ സെക്രട്ടറി വി സലിം ക്യാമ്പ് ഉദ്ഘാടനംചെയ്തു. തിങ്കളാഴ്ച രാവിലെ ഒമ്പതുമുതൽ ഏഴുവരെ പ്രിയദർശിനി ടൗൺഹാളിൽ നടന്ന ക്യാമ്പിൽ നൂറുകണക്കിന് വാഹനങ്ങൾ പ്രവർത്തനക്ഷമമാക്കി.